**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 22** **23-01-2025 - ൽ മറുപടിയ്ക്ക്**

**ഇനി ഞാനൊഴുകട്ടെ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | ഹരിതകേരളം മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പുഴകളുടേയും തോടുകളുടേയും പുനരുജ്ജീവനം, കുളങ്ങളുടെ നിർമ്മാണവും പുനരുജ്ജീവനവും, കിണറുകളുടെ മഴവെള്ള റീചാർജിംഗ്, തടയണകളുടെ നിർമ്മാണം മുതലായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.<br><br>ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് 438 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്. ജലബജറ്റ് തയ്യാറാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജല ദൗർലഭ്യം അനുഭവപ്പെടുന്ന കാലയളവിൽ ജല ലഭ്യത ഉറപ്പാക്കാൻ ഉതകുന്ന തരത്തിൽ ജലസുരക്ഷാ പ്ലാൻ തയ്യാറാക്കി നിർവ്വഹണത്തിലേയ്ക്ക് പോകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. അടുത്ത കാലത്തായി നമ്മുടെ സംസ്ഥാനത്ത് ഒരു ചെറിയ സമയത്ത് ഉണ്ടാകുന്ന അതിതീവ്ര മഴ ഉയർന്ന പ്രദേശങ്ങളിൽ മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും കാരണമാകുന്നുണ്ട്. സുഗമമായ നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന തരത്തിൽ പല നീർച്ചാലുകളും പല കാരണങ്ങളാലും അടഞ്ഞുപോയതാണ് ഈ പ്രശ്നത്തിന് ഒരു പ്രധാന കാരണമായി വിലയിരുത്തപ്പെടുന്നത്. അതുകൊണ്ട് തന്നെ ഈ നീർച്ചാലുകൾ ഉൾപ്പെടുന്ന നീർച്ചാൽ ശൃംഖലകൾ പൂർണ്ണമായും വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കേണ്ടതുണ്ട്. ഇതിന് സഹായകരമായ രീതിയിൽ ' സുരക്ഷിതമാക്കാം പശ്ചിമഘട്ടം' എന്ന പേരിൽ ഒരു ക്യാമ്പയിൻ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി ഐ.ടി. മിഷന്റെ കൂടി സഹകരണത്തോടെ ഈ പ്രദേശങ്ങളിലെ 230 തദ്ദേശ സ്വയംഭരണ |

സ്ഥാപനങ്ങളിൽ നീർച്ചാലുകൾ ഡിജിറ്റൽ മാപ്പിൽ രേഖപ്പെടുത്തുന്ന പ്രവർത്തനം 217 ഇടങ്ങളിലും ഇതിനകം തന്നെ ജനകീയമായി പൂർത്തീകരിക്കാനായിട്ടുണ്ട്. മാപ്പിംഗ് പൂർത്തീകരിച്ച സ്ഥലങ്ങളിൽ നീർച്ചാൽ വീണ്ടെടുക്കുന്ന പ്രവർത്തനം നടന്നു വരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ചെറു നീർത്തടങ്ങളെ ആസ്പദമാക്കി "നീരുറവ്" എന്ന പേരിൽ ജലസംരക്ഷണത്തിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കി നിർവഹണം നടത്തുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിരുന്നു. ഈ പ്രവർത്തനം ഹരിതകേരളം മിഷന്റെ കൂടി നേതൃത്വത്തിൽ കൂടുതൽ വിപുലമായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കി വരുന്നു. 2017-18 ൽ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കിയ നീർത്തട പ്ലാനുകൾ കൂടി പരിഗണിച്ചുകൊണ്ടാണ് നീരുറവ് ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളത്.

'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' പദ്ധതിയുടെ ഭാഗമായി മാപിംഗ് നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കിയ പഞ്ചായത്തുകളിലും ഇവയിലൂടെ കണ്ടെത്തിയ പ്രവൃത്തികൾക്ക് നീരുറവ് പദ്ധതിയിൽ മുൻഗണന നൽകി നിർവഹിക്കുന്നുണ്ട്.

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, പ്രധാനമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി 38396 കിലോമീറ്റർ തോടുകളും 3759 കുളങ്ങളും മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. കൂടാതെ 5434 കുളങ്ങളും 18273 കിണറുകളും നിർമ്മിക്കുകയും 9438 കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തോട് പുനരുജ്ജീവിപ്പിക്കുന്നതിനോടൊപ്പം 69631 താൽക്കാലിക തടയണകളും 730 സ്ഥിരം തടയണകളും നിർമ്മിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പുനരുജ്ജീവിപ്പിക്കുന്ന തോടുകളുടെ പാർശ്വ സംരക്ഷണം കയർ ഭൂവസ്ത്രമുപയോഗിച്ച് ബലപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.ഇതുകൂടാതെ 22.1 കി.മീ. പുഴകളും പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.

ഇതുകൂടാതെ എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട് വിഹിതം, തദ്ദേശ

| | | | |
|---|---|---|---|
| | | | സ്വയംഭരണ സ്ഥാപന പ്ലാൻ ഫണ്ട്, കേരള പുനർ നിർമ്മാണ പദ്ധതി ഫണ്ട് എന്നിവ വിനിയോഗിച്ച് ഹയർ സെക്കൻഡറി സ്കൂളുകളിൽ കിണർ ജലത്തിന്റെ പ്രാഥമിക ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനവും നടന്നുവരുന്നു. സംസ്ഥാനത്താകെ 319 പ്രാഥമിക ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ കിണർ ജലത്തിന്റെ ഗുണനിലവാരമാണ് പ്രധാനമായി പരിശോധിക്കുന്നത്. സംസ്ഥാനത്തെ ഇതുവരെ ഇത്തരത്തിൽ 30985 പരിശോധനകൾ നടത്താനായിട്ടുണ്ട്. പരിശീലനം സിദ്ധിച്ച രസതന്ത്രം അധ്യാപകരുടെ നേതൃത്വത്തിൽ ആണ് പരിശോധനകൾ നടത്തുന്നത്. പരിശോധനാ ഫലം ലഭ്യമാകുന്നതിന് ഒരു സോഫ്റ്റ് വെയർ ഹരിതകേരളം മിഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. |
| (ബി) | 'ഇനി ഞാനൊഴുകട്ടെ' എന്ന ജനകീയ കാമ്പെയ്ൻ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ; | (ബി) | സംസ്ഥാനത്തെ നീർച്ചാലുകൾ ജനകീയമായി വീണ്ടെടുക്കുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ഇനി ഞാനൊഴുകട്ടെ. 2019ഡിസംബറിൽ ആരംഭിച്ച ഈ പദ്ധതിയുടെ ഭാഗമായി രണ്ട് ഘട്ടങ്ങളിലായി 7291 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പൂർണമായും മാലിന്യമുക്തമായി പ്രഖ്യാപിക്കുവാൻ വേണ്ടി മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 03.10.2024 ലെ സർക്കാർ ഉത്തരവ്(സാധാ)നം.1844/2024/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ഈ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തി വരുന്ന ഇനി ഞാനൊഴുകട്ടെ ക്യാമ്പയിന്റെ മൂന്നാംഘട്ടമെന്ന നിലയിൽ 2024 ഡിസംബർ മുതൽ 2025മാർച്ച് 21 വരെ നീണ്ടുനിൽക്കുന്ന നീർച്ചാലുകളുടെ ജനകീയമായ വീണ്ടെടുപ്പിനുള്ള ക്യാമ്പയിൻ നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം 15.12.2024 ന് പാലക്കാട് തൃത്താല കണ്ണനൂർതോട് പരിസരത്ത് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി നിർവഹിച്ചു. ഇതിനെതുടർന്ന് ഈ ക്യാമ്പയിന്റെ ഭാഗമായുള്ള നീർച്ചാൽ വീണ്ടെടുക്കൽ പ്രവർത്തനം സംസ്ഥാനത്താകെ ആരംഭിച്ചിട്ടുണ്ട്. ഈ ക്യാമ്പയിനിൽ 2024 ഡിസംബർ മാസത്തിൽ സംസ്ഥാനത്തെ 1080 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത കാമ്പെയ്‌ന്റെ ഭാഗമായി ജലസ്രോതസ്സുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് | (സി) | സംസ്ഥാനത്തെ നീർച്ചാലുകൾ ജനകീയമായി വീണ്ടെടുക്കുന്നതിനായി ഹരിതകേരളം മിഷന്റെ |

| | | | |
|---|---|---|---|
| | എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്; വിശദമാക്കാമോ; | | നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ഇനി ഞാനൊഴുകട്ടെ. 2019 ഡിസംബറിൽ ആരംഭിച്ച ഈ പദ്ധതിയുടെ ഭാഗമായി രണ്ട് ഘട്ടങ്ങളിലായി 7291 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പൂർണമായും മാലിന്യമുക്തമായി പ്രഖ്യാപിക്കുവാൻ വേണ്ടി മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 03.10.2024 ലെ സർക്കാർ ഉത്തരവ്(സാധാ)നം.1844/2024/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ഈ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തി വരുന്ന ഇനി ഞാനൊഴുകട്ടെ ക്യാമ്പയിന്റെ മൂന്നാംഘട്ടമെന്ന നിലയിൽ 2024 ഡിസംബർ മുതൽ 2025മാർച്ച് 21 വരെ നീണ്ടുനിൽക്കുന്ന നീർച്ചാലുകളുടെ ജനകീയമായ വീണ്ടെടുപ്പിനുള്ള ക്യാമ്പയിൻ നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം 15.12.2024 ന് പാലക്കാട് തൃത്താല കണ്ണന്നൂർതോട് പരിസരത്ത് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി നിർവഹിച്ചു. ഇതിനെതുടർന്ന് ഈ ക്യാമ്പയിന്റെ ഭാഗമായുള്ള നീർച്ചാൽ വീണ്ടെടുക്കൽ പ്രവർത്തനം സംസ്ഥാനത്താകെ ആരംഭിച്ചിട്ടുണ്ട്. ഈ ക്യാമ്പയിനിൽ 2024 ഡിസംബർ മാസത്തിൽ സംസ്ഥാനത്തെ 1080 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. |
| (ഡി) | കാമ്പെയ്ന്റെ മൂന്നാം ഘട്ടത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സമ്പൂർണ്ണ മാലിന്യമുക്തമാക്കുന്നതിന് പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഇനി ഞാനൊഴുകട്ടെ ക്യാമ്പയിന്റെ മൂന്നാംഘട്ടത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ നീർച്ചാലുകളും മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ജനകീയമായി നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന ഈ ക്യാമ്പയിൻ സമസ്ത വിഭാഗം ജനങ്ങളുടേയും പങ്കാളിത്തമുറപ്പാക്കി നടത്താനാണ് ലക്ഷ്യമിടുന്നത്. ഇതിനാവശ്യമായ വിപുലമായ ജനകീയ കൺവെൻഷനുകൾ വിവിധ തലങ്ങളിൽ സംഘടിപ്പിച്ച്, പ്രവർത്തന ഏകോപനത്തിനായി സംഘാടക സമിതികൾ രൂപീകരിച്ച് പ്രവർത്തനം നടത്താനാണ് തീരുമാനിക്കപ്പെട്ടിട്ടുള്ളത്. സമൂഹത്തിലെ മുഴുവൻ വിഭാഗം ജനങ്ങളുടേയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്ന തരത്തിൽ വിവിധ യോഗങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലം മുതൽ നടത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഓരോ ചെറുപ്രദേശത്തും നടത്തുന്ന ജനകീയ ശുചീകരണത്തെ തുടർന്ന് വലിയ ജനപങ്കാളിത്തത്തോടെയുള്ള ഏകദിന മെഗാ ശുചീകരണവും നടത്തുവാൻ ലക്ഷ്യമിടുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ഇത്തരത്തിൽ ശുചിയാക്കിയ നീർച്ചാലുകളിൽ വീണ്ടും മാലിന്യമെത്താതിരിക്കാനുള്ള ബദൽ മാർഗ്ഗങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെയുള്ള വിവിധ ഏജൻസികളുടെ ഏകോപനത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുക്കുന്നതിനു വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ